മൂന്നാമത്
# കോളക്കോടൻ കുടുംബ സംഗമം
2023 മെയ് 1 തിങ്കൾ
ഹിൽഫോർട്ട് ഓഡിറ്റോറിയം പത്തനാപുരം
കുടുംബസംഗമ സപ്ലിമെന്റ്




## കോളക്കോടൻ കുടുംബത്തിന് ഇനിയും പലതും ചെയ്യാനുണ്ട്



**അശ്റഫ് കീഴുപറമ്പ്**

എണ്ണത്തിൽ കോളക്കോടൻ കുടുംബത്തേക്കാൾ വലിയ കുടുംബങ്ങൾ കീഴുപറമ്പ് പഞ്ചായത്തിൽ വേറെയുണ്ട്. അവ സാധാരണ ഗതിയിൽ കീഴുപറമ്പ്, കുനിയിൽ, തൃക്കളയൂർ, വാലില്ലാപ്പുഴ, പത്തനാപുരം തുടങ്ങിയ ഏതെങ്കിലും ഒരു പ്രദേശത്തെ കേന്ദ്രീകരിച്ചാവും അധിവാസമുറപ്പിച്ചിട്ടുണ്ടാവുക. മറ്റിടങ്ങളിൽ അവരുടെ എണ്ണം തുലോം കുറവായിരിക്കും. കീഴുപറമ്പ് പഞ്ചായത്തിന്റെ ഹൃദയഭൂമികളായ കീഴുപറമ്പിലും കുനിയിലും ഒരു പോലെ അവിടങ്ങളിലെ പ്രബല കുടുംബങ്ങളിലൊന്നാകാൻ കഴിഞ്ഞു എന്നതാണ് കോളക്കോടൻ കുടുംബത്തിന്റെ പ്രത്യേകത. അതിന്റെ മുഖ്യ കാരണം ഭൂമിശാസ്ത്രപരം തന്നെ. കോളക്കോടൻമാരുടെ പൂർവീകരായി വിശേഷിപ്പിക്കപ്പെടുന്ന അഞ്ച് സഹോദരൻമാർ താമസമുറപ്പിച്ചത് കോളക്കോട് ഭാഗത്താണ്. അവരുടെ തറവാട് ഉണ്ടായിരുന്നത് മേലാപറമ്പ് കുന്നിൻ ചെരുവിലാണ്. അതേ കുന്നിന്റെ മറുചെരിവ് കുനിയിൽ പ്രദേശമാണ്. തറവാട് അതിർത്തിയിൽ ആയിരുന്നത് കൊണ്ടാവാം കീഴുപറമ്പിലേക്കും കുനിയിലേക്കുമായി ഈ കുടുംബം പടർന്നു പന്തലിച്ചത്.

നമ്മുടെ പൂർവീകരായ ആ അഞ്ച് പേർ സഹോദരൻമായിരുന്നോ, അതോ പുതു വിശ്വാസം സ്വീകരിച്ച അഞ്ച് സുഹൃത്തുക്കൾ മാത്രമായിരുന്നോ എന്ന അന്വേഷണത്തിനൊന്നും ഇനി പ്രസക്തിയില്ല. അവർ സഹോദരൻമാരായിരുന്നു എന്ന നിഗമനത്തിലാണ് നാം മുന്നോട്ട് പോകുന്നത്. സാഹചര്യത്തെളിവുകൾ അതിനെയാണ് പിന്തുണക്കുന്നത്. ചില പേരുകൾ എല്ലാ താവഴികളിലും പൊതുവാകാനും കുടുംബ ബന്ധമാകും കാരണമായിട്ടുണ്ടാവുക. പക്ഷെ ഒരു കാര്യം ഉറപ്പാണ്. വയനാട്ടിലേക്ക് വരെ പടർന്നു കിടക്കുന്ന നമ്മുടെ കുടുംബത്തിന്റെ മുഴുവൻ വേരുകളും നാം കണ്ടെത്തുകയും സാധ്യമായതിന്റെ പരമാവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിരിക്കുന്നു. 2010-ൽ കുടുംബ സംഗമത്തോടനുബന്ധിച്ച് നാം പുറത്തിറക്കിയ കുടുംബ ഡയറക്ടറി വളരെ ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയതാണ്. കുടുംബാംഗങ്ങളുടെ അന്ന് വരെ ലഭ്യമായ ഫോട്ടോകളും മറ്റു വിവരങ്ങളും നാമതിൽ ചേർക്കുകയുണ്ടായി. ഫാമിലി ട്രീയോടൊപ്പം ഓരോ ഫോട്ടോയും ചേർത്തു വെച്ചാൽ ആ വ്യക്തി ഏത് താവഴിയിലെ ഏത് തലമുറയിൽ എന്ന് കൃത്യമായി മനസ്സിലാക്കിയെടുക്കാം. 2010-ന് ശേഷം ജനിച്ചവരുടെ ഫോട്ടോകൾ കൂടി ചേർത്ത് അത് വെബ് സൈറ്റിൽ അപ്ഡേറ്റ് ചെയ്യാൻ അവസരം നൽകിയിരുന്നു.ഒരു സംഭവം ഓർമ വരുന്നു. കോളക്കോടൻ കുടുംബ ഡയറക്ടറിയുടെ കോപ്പി പാലക്കാട്ടെ ഒരു സുഹൃത്ത് കാണാനിടയായി. അദ്ദേഹമത് വാങ്ങിക്കൊണ്ടുപോയി. എന്നിട്ട് അതേ മാതൃകയിൽ തന്റെ കുടുംബത്തിന്റെയും താവഴികളെ അടയാളപ്പെടുത്തുന്ന ഡയറക്ടറി തയ്യാറാക്കുകയും അത് കുടുംബ സംഗമത്തിൽ പ്രകാശനം നടത്തുകയും ചെയ്തു. ഇങ്ങനെ പല നിലയിൽ മാതൃകയാവാനും വഴി കാട്ടാനും കോളക്കോടൻ കുടുംബത്തിന് കഴിഞ്ഞിട്ടുണ്ട്.


കോളക്കോടൻ താവഴിയിലെ പ്രധാന കുടുംബങ്ങളിലൊന്നായ പട്ടാക്കൽ കുടുംബം താമസമാക്കിയത് കുനിയിൽ പ്രദേശത്താണ്. ബ്രിട്ടീഷ് അധിനിവേശ വിരുദ്ധ സമരത്തിൽ വീര മരണം പ്രാപിച്ച കുട്ടി ഹസൻ ശഹീദും അനുജൻ ബീരാൻ കുട്ടി ശഹീദും കോളക്കാടൻ കുടുംബത്തെ ചരിത്രത്തിന്റെ തങ്ക ലിപികളിൽ രേഖപ്പെടുത്തിയ പട്ടാക്കൽ കുടുംബത്തിലെ ധീര സന്താനങ്ങളാണ്. വലിയ കുട്ടി ഹസന്റെ മകനായ കമ്മു എന്ന നമ്മുടെ പൂർവീകന്റെ സന്താന പരമ്പരയാണ് കുനിയിൽ തന്നെ താമസമാക്കിയ പൊറ്റമ്മൽ കുടുംബം. ഇന്ത്യൻ മിലിട്ടറിയിൽ സ്തുത്യർഹ സേവനം ചെയ്ത കെ.കെ മൊയ്തീൻ കുട്ടിയും, റോവിംങ് മത്സരത്തിൽ ഒട്ടേറെ ദേശീയ മെഡലുകളും ഏഷ്യൻ ഗെയിംസിൽ പങ്കെടുത്ത് നാലാം സ്ഥാനവും നേടിയ സഹോദരൻ മുജീബ് റഹ്മാനും ദേശീയ -സംസ്ഥാന കായിക മത്സരങ്ങളിൽ നിരവധി പുരസ്കാരങ്ങൾ നേടിയ മൊയ്തീൻ കുട്ടിയുടെ മകൻ റിബാസ് മൊസാഹിയും പൊറ്റമ്മൽ കിളിയാൽ തൊടി കുടുംബാംഗങ്ങളാണ്. കുനിയിലെ മത- രാഷ്ട്രീയ -സാംസ്കാരിക രംഗങ്ങളിൽ വ്യക്തി മുദ്ര പതിപ്പിച്ച മറ്റൊരു കോളക്കാടൻ കുടുംബമാണ് വരമ്പുറം. ഐ.എസ്.എം സംസ്ഥാന സെക്രട്ടറിയും കീഴുപറമ്പ് പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന മർഹൂം മൂസാ സുല്ലമി വരമ്പുറം കുടുംബാംഗമാണ്. മുൻ പഞ്ചായത്ത് പ്രസിഡന്റുമായ റൈഹാന ബേബിയും നിലവിലെ നാലാം വാർഡ് മെമ്പർ ഷഹർബാനുവും പതിനൊന്നാം വാർഡ് മെമ്പർ റഫീഖ് ബാബുവും വരമ്പുറത്തുകാരാണ്. കുനിയിലും കുറ്റൂളിയിലുമായി മൂന്ന് പള്ളികൾക്ക് വഖ്ഫായി ഭൂമി നൽകുകയും അവയുടെ നിർമാണത്തിന് മേൽനോട്ടം വഹിക്കുകയും ചെയ്തിരുന്നത് വരമ്പുറം കുടുംബാംഗങ്ങളാണ്.

കോളക്കാടൻ കുടുംബത്തിലെ ബിച്ചഹമ്മദ് എന്നവരുടെ കുടുംബം തെക്കും മുറിയിലുണ്ട്. അയ്തുട്ടി എന്ന കാരണവരുടെ പിൻതലമുറയായ കോളക്കാടൻ കുടുംബം കീഴുപറമ്പ് പുളിക്കലാണ് താമസമാക്കിയത്. അവർ പുളിക്കൽ കുടുംബം എന്നറിയപ്പെട്ടു. ഈ കുടുംബത്തിൽ നിന്നുള്ള അബ്ദുൽ മജീദിനെപ്പോലുള്ളവർ സാമൂഹിക-സേവന പ്രവർത്തനങ്ങളിൽ മുൻ നിരയിലുണ്ട്. കീഴുപറമ്പിൽ താമസമാക്കിയ മറ്റൊരു പ്രധാന കോളക്കോടൻ താവഴിയാണ് ചെറിയ പിച്ചമണ്ണിൽ കുടുംബം. ഈയിടെ ജെ.ഡി.റ്റി പൂർവ വിദ്യാർഥി അസോസിയേഷൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഷൗക്കത്തലി പിച്ചമണ്ണിൽ കുടുംബക്കാരനാണ്. ഈ കുടുംബത്തിന്റെ താവഴിയിൽ വരുന്നവരാണ് കീഴുപറമ്പിലും തൃക്കളയൂരിലുമായി താമസമാക്കിയ കടംപള്ളിയാളി കുടുംബം. ഈ കുടുംബത്തിലെ വീരാൻ കുട്ടി എന്നവർ ബ്രിട്ടീഷ് മിലിട്ടറിയിൽ ജോലി ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ കുടുംബ പരമ്പര വയനാട് സുൽത്താൻ ബത്തേരിക്കടുത്ത് ബീനാച്ചിയിലാണ് ഇപ്പോൾ താമസിക്കുന്നത്. മുസ്ല്യാരകത്ത്, നെല്ലേരിക്കുന്നത്ത് കുടുംബങ്ങളും ഇതിന്റെ ശാഖകളാണ്. അകാലത്തിൽ നമ്മെ വിട്ടു പിരിഞ്ഞ, കലാ സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ നിറസാന്നിധ്യമായിരുന്ന കെ.എം മുനീർ മുസ്ല്യാരകത്ത് കുടുംബക്കാരനാണ്.

തറവാട് വീട് കേന്ദ്രീകരിച്ച് പടർന്നു പന്തലിച്ച കോളക്കോടൻ താവഴി കോളക്കോട് കുടുംബം എന്ന് തന്നെയാണ് അറിയപ്പെടുന്നത്. ചേക്കുട്ടി മുസ്ല്യാർ, മകൻ അബ്ദുൽ അസീസ് മൗലവി, മോയിൻ കുട്ടി മൗലവി തുടങ്ങിയ പണ്ഡിതൻമാർക്ക് ജൻമം നൽകിയ തറവാട്. പബ്ലിക് പ്രോസിക്യൂട്ടറായിരുന്ന അഡ്വ.കെ.കെ അബ്ദുല്ലക്കുട്ടി, പ്രശസ്ത ഫുട്ബാൾ താരം കെ.കെ സലീൽ എന്നിവരൊക്കെ ഈ കുടുംബത്തെ പ്രതിനിധീകരിക്കുന്നു. ഈ തറവാട്ടിലെ അബൂബക്കർ കോളക്കോടാണ് ഇപ്പോൾ നമ്മുടെ കുടുംബത്തിലെ കാരണവർ. കീഴുപറമ്പിൽ സ്ഥിര താമസമാക്കിയ മറ്റൊരു പ്രധാന കുടുംബമാണ് കുനിയൻ കുന്നത്ത്. കീഴുപറമ്പിൽ നിന്ന് കുനിയിൽ വരെയുള്ള റോഡ് ശ്രമദാനമായി നിർമ്മിക്കാൻ നാട്ടുകാർ രംഗത്തിറങ്ങിയപ്പോൾ ആ സംരംഭത്തിന്റെ പ്രസിഡന്റായി അവർ തെരഞ്ഞെടുത്തത് ബീരാൻ കുട്ടി ഹാജിയെ ആയിരുന്നു; സെക്രട്ടറിയായി ബീരാൻ കുട്ടി മാസ്റ്ററെയും. രണ്ട് പേരും കുനിയൻ കുന്നത്തുകാർ. കുനിയൻ കുന്നത്തുകാരനായ നാസിറുദ്ദീൻ ഉമരി ബഹുഭാഷാ പണ്ഡിതനാണ്.

കുടുംബത്തിന്റെ വേരുകളിലേക്ക് ചില സൂചനകൾ നൽകുക മാത്രമാണ് ചെയ്തത്. പേരെടുത്ത് പറയേണ്ടവർ ഇനിയും ധാരാളമുണ്ട്. സ്ഥല പരിമിതി കാരണം അതിന് സാധ്യമായില്ല എന്നേയുള്ളൂ. ഈ ചെറു വിവരണത്തിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. വിഭവശേഷികളാൽ സമ്പന്നമാണ് കുടുംബം. ഇളം തലമുറയിൽ നമുക്ക് വലിയ പ്രതീക്ഷയാണുള്ളത്. അവർ വിവിധ മേഖലകളിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. അതേസമയം കാലം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ് എന്ന യാഥാർഥ്യവും നമ്മുടെ മുമ്പിലുണ്ട്. നാം പഠിച്ചു കൊണ്ടിരിക്കുന്ന പല കോഴ്സുകളും വൈകാതെ കാലഹരണപ്പെട്ടേക്കും. ചെറുപ്പക്കാരുടെ കരിയറിനെ അത് ബാധിക്കും. അതിനാൽ ഭാവിയിലെ തൊഴിൽ മാർക്കറ്റ് മുമ്പിൽ കണ്ടു കൊണ്ടുള്ള ആസൂത്രണങ്ങൾ ഉണ്ടാവേണ്ടതുണ്ട്. ഒരു ഉദാഹരണം പറഞ്ഞു വെന്നേയുള്ളൂ. പരമ്പരാഗതമായി നാം ചെയ്തു വരുന്നതിന് അപ്പുറം, കാലത്തിന്റെ മാറ്റം മനസ്സിലാക്കി പുതിയ എന്തൊക്കെ ചുവടുവെപ്പുകൾ നമുക്ക് എടുക്കാനാവും എന്ന് ആലോചിക്കണം. അതിനുള്ള വേദി കൂടി ആവട്ടെ ഈ സംഗമം എന്ന് ആശംസിക്കുന്നു.

## കുടുംബ ബന്ധങ്ങളിൽ വിള്ളലുകളുണ്ടാകാതിരിക്കട്ടെ



**കെ.കെ അബ്ദുൽ അസീസ് മൗലവി**
(ചെയർമാൻ, കോളക്കോടൻ കുടുംബ സമിതി)

പ്രിയരേ.....

അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹ്...

നമ്മുടെ സംഗമം നാം ആഗ്രഹിച്ച പോലെ ഭംഗിയായും മാതൃകാപരമായും നടത്തുവാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

ഇസ്ലാം ശക്തിയുക്തം പ്രോത്സാഹിപ്പിച്ച വളരെ പ്രധാനപ്പെട്ട കടമകളിൽ ഒന്നാണ് കുടുംബ ബന്ധം പുലർത്തുക എന്നത്. ബന്ധം മുറിക്കുന്നവർ നരകാവകാശികളാകുമെന്നും അവരുടെ ഒരു കർമവും സ്വീകരിക്കപ്പെടുകയില്ലെന്നും അവർ അല്ലാഹുവിന്റെ കോപത്തിന്നിരകളായിത്തീരുമെന്നും ഖുർആനും ധാരാളം നബി വചനങ്ങളും നമുക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

കുടുംബ ബന്ധം പുലർത്തുന്നവർക്ക് ദീർഘായുസ്സും സാമ്പത്തികാഭിവൃദ്ധിയും ഉണ്ടാകുമെന്ന് നബി (സ) പറയുകയുണ്ടായി. വല്ലവനും ദീർഘായുസ്സും ധനവിശാലതയും ആഗ്രഹിക്കുന്നുവെങ്കിൽ കുടുംബ ബന്ധം പുലർത്തിക്കൊള്ളട്ടെ എന്നാണ് നബി വചനം. കുടുംബങ്ങൾ ഒത്തു ചേരുന്നതും പരസ്പരം സന്ദർശനങ്ങൾ നടത്തുന്നതും സ്നേഹ സൗഹാർദ്ദങ്ങൾ കൈമാറുന്നതും മാനസികോല്ലാസത്തിനും മനസ്സമാധാനത്തിനും നിദാനമാകുമെന്ന് തീർച്ച.

മൺമറഞ്ഞുപോയ നമ്മുടെ മാതാപിതാക്കളെയും സഹോദരി സഹോദരൻമാരെയും നമ്മെയെല്ലാവരെയും അല്ലാഹു ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ച് കൂട്ടുമാറാകട്ടെ. ജീവിച്ചിരിക്കുന്ന നമ്മെയും നമ്മുടെ സഹോദരിസഹോദരൻമാരെയും മക്കളെയും ഒത്തൊരുമയോടെ ജീവിക്കുന്നവരും, സുഖദുഃഖങ്ങളിൽ പങ്ക് ചേരുന്നവരും, വെറുപ്പോ അസൂയയോ പകയോ അഹങ്കാരമോ ഇല്ലാത്ത ശുദ്ധ മനസ്സിന്റെ ഉടമകളായി മരണം വരെ കഴിയുന്നവരും ആയി അല്ലാഹു മാറ്റിത്തീർക്കുമാറാകട്ടെ. രോഗം കൊണ്ടും ദാരിദ്ര്യം കൊണ്ടും പരീക്ഷിക്കരുതേ എന്ന് നാം സദാ അല്ലാഹുവിനോട് പ്രാർഥിച്ചു കൊണ്ടിരിക്കുക. സദ് വൃത്തരും സൽസ്വഭാവികളുമായി ജീവിക്കാൻ അവൻ നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

കുടുംബ സമേതം വന്ന് ടൈലുകളും സാനിറ്ററി ഉത്പന്നങ്ങളും തിരഞ്ഞെടുക്കാൻ
സൗകര്യപ്പെടുത്തിയ വിശാലമായ ഡിസ്പ്ലേ ഷോറൂം
വിൽപനാനന്തര സർവീസിൽ വിട്ടുവീഴ്ചയില്ലാത്ത സേവനം
LeMat
LEADING EDGE DECORATIVE MATERIALS
TILES & SANITARIES
Mavoor +91 9400 555 364
Areekode, Kuttooly +91 9400 888 364
JOHNSON SOMANY SIMERO CERA RAK Parryware AGL

0483 285 4322
9207 04 0001
SCAN TO LOCATE US
limra
ELECTRICAL
PLUMBING
SANITARY
WATER PURIFIER
Mukkam Road, AREEKODE
Mail: limraacd@gmail.com

# നമ്മോടു വിടപറഞ്ഞു പോയവർ


കുട്ടി ഹസൻ ഹാജി വരമ്പുറം


മോയിൻ ഹാജി വരമ്പുറം


മുഹമ്മദ് കെകെ പട്ടാക്കൽ


മുഹമ്മദ് മാനു പൊറ്റമ്മൽ കിളിയാൽതൊടി


മുഹമ്മദ് പുളിക്കൽ


മോയിൻകുട്ടി മൗലവി കൊളക്കോട്


ആമിനക്കുട്ടി കെഎം മുസ്‌ലിയാരകത്ത്


അലവിക്കുട്ടി കടംപള്ളിയാളി


റുഖിയ കടംപള്ളിയാളി


അലി ഹസ്സൻ കടംപള്ളിയാളി


അബൂബക്കർ കെ. എം. മുസ്‌ലിയാരകത്ത്


ആയിഷബീവി കടംപള്ളിയാളി

# കോളക്കോടും കോളക്കോടൻ കുടുംബവും


കെ.കെ അബ്ദുർറശീദ്





കീഴുപറമ്പ് പഞ്ചായത്തിൽ ഒരു കുടുംബത്തിന്റെ പേരിൽ അറിയപ്പെടുന്ന ഒരു കൊച്ചു പ്രദേശമുണ്ട് - കോളക്കോട്.

കീഴുപറമ്പ് അങ്ങാടിയിൽ നിന്ന് അല്പം അകലെ കുന്നുകളാൽ ചുറ്റപ്പെട്ട ശാന്ത സുന്ദരമായ താഴ് വാരം. കോളക്കോടൻ കുടുംബത്തിന്റെ സ്വത്വം പേറുന്ന ഇടം. ഇവിടെയായിരുന്നു അഞ്ച് ഏക്കറോളം വരുന്ന കോളക്കോട് പറമ്പ്. കോളക്കോട് മനയിൽ കുടിയിരിപ്പ് പറമ്പ് എന്നാണ് സർക്കാർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നത്. ഇതിന്റെ തെക്ക് ഭാഗത്ത് വലിയ ഗുഹകളുടെ ശേഷിപ്പ് ഇന്നും കാണാം. ഈ ഗുഹകൾ നേരത്തെ വന്യജീവികളുടെ ആവാസ കേന്ദ്രമായിരുന്നുവത്രേ.

ചെങ്കുത്തായ പ്രദേശത്തിന്റെ താഴ്ഭാഗത്തായിരുന്നു കുടുംബത്തിൽ തറവാട് സ്ഥിതി ചെയ്തിരുന്നത്. ബ്രിട്ടീഷുകാർക്കെതിരെ നടന്ന സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത പാരമ്പര്യവും ഈ തറവാടിനുണ്ട്. അവസാനം തറവാട് വീട് ബ്രിട്ടീഷുകാർ തീ വെച്ച് നശിപ്പിച്ചുവെന്ന് പറയപ്പെടുന്നു. പുനർ നിർമ്മിച്ച വീട്ടിൽ അവസാനം താമസിച്ചിരുന്നത് എന്റെ വല്ലിപ്പയുടെ ചെറിയ അനിയൻ ബീരാൻ എളാപ്പ ആയിരുന്നു. എളാപ്പയുടെ മകൻ ഹമീദും കുടുംബവുമാണ് ഇപ്പോൾ അവിടെ താമസിക്കുന്നത്.

ഈ പ്രദേശത്ത് തന്നെ കുടുംബത്തിന്റെ വ്യത്യസ്ത താവഴികളിലുള്ളവരും താമസിക്കുന്നു. അതോടൊപ്പം കാരങ്ങാടൻ, ചെറിയമ്പറ്റ കുടുംബങ്ങളിൽ പെട്ടവരും നേരത്തെ തന്നെ ഇവിടെ ആവാസമുറപ്പിച്ചിട്ടുണ്ട്. ഇന്നിപ്പോൾ പലരും പ്രളയ ഭീഷണിയില്ലാത്ത സുരക്ഷിത സ്ഥലം എന്ന് കണ്ട് വീടുകൾ നിർമ്മിക്കാൻ കോളക്കോട് പ്രദേശത്തേക്ക് വരുന്നുണ്ട്.

കോളക്കോടിനെക്കുറിച്ച് പറയുമ്പോൾ എന്റെ പിതാവ് മോയിൻകുട്ടി മൗലവിയെ ഓർക്കാതിരിക്കാനാവില്ല. കോളക്കോട് ദേശത്തിന്റെ ചരിത്ര സൂക്ഷിപ്പുകാരനായിരുന്നു അദ്ദേഹം.

2017 മെയ് 9- നാണ് അദ്ദേഹം നമ്മോട് യാത്ര പറയുന്നത്. അറബി അധ്യാപകനായി ഔദ്യോഗിക ജീവിതം തുടങ്ങിയ പിതാവ് അതിനുമുമ്പ് വിവിധ പ്രദേശങ്ങളിലായി മദ്രസകളിൽ അധ്യാപകനായും പലപ്പോഴും ഖത്തീബായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

തീർത്തും കൃഷിപ്പണികളിൽ മുഴുകിയിരുന്ന വല്ലിപ്പയുടെയും സഹോദരന്മാരുടെയും ഇടയിൽ നിന്ന്, സ്വയം താല്പര്യമെടുത്ത് കഠിനാദ്ധ്വാനം ചെയ്താണ് പിതാവ് വിദ്യ നേടിയതും തുടർന്ന് അധ്യാപകനായി തീർന്നതും. വിനയാന്വിതനായിരുന്നു. ലളിത ജീവിതമാണ് ഇഷ്ടപ്പെട്ടിരുന്നത്. വലിയ സേവന തൽപരനുമായിരുന്നു. ചൂരോട്ട് ജുമാ മസ്ജിദിന്റെയും അൽ മദ്രസത്തുൽ ഇസ്ലാമിയയുടെയും സെക്രട്ടറിയായും ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. പൊതു ജനസേവനത്തിനായി ഭൂമി വിട്ടുകൊടുക്കുന്നതിൽ തൽപരനായിരുന്നു അദ്ദേഹം. കോളക്കോട്ട് ഈയടുത്ത് പള്ളി പണി കഴിപ്പിച്ചത് അദ്ദേഹം വഖഫ് നൽകിയ ഭൂമിയിലായിരുന്നു.


കുടുംബ കാരണവർ
അബൂബക്കർ കോളക്കോട്

# ചാലിപ്പാടം - മങ്ങാത്ത, മായാത്ത ഓർമകൾ


ഷൗക്കത്തലി
കോളക്കോടൻ പിച്ചമണ്ണിൽ
(ഫൈനാൻസ് കൺവീനർ)

മണ്ണിനെയും കൃഷിയെയും അതിയായി സ്നേഹിക്കുന്നവരായിരുന്നു കോളക്കോടൻ കുടുംബം. 1970-80 കളിൽ നാട്ടിലെ പട്ടിണിക്കാലത്ത് വിശക്കുന്ന വയറിന് ആശ്വാസം പകരാൻ കിഴുപറമ്പിലെ അന്നത്തെ കർഷകരായ കോളക്കോടൻ കുടുംബം വഹിച്ച പങ്ക് ചെറുതൊന്നുമല്ല. നെല്ലും വാഴയും പൂളയും ചേമ്പും ചേനയും കൃഷി ചെയ്ത് നാടിന് വേണ്ടിയും കുടുംബത്തിന് വേണ്ടിയും അവർ ജീവിച്ചു. സ്വന്തത്തിലേക്കു ഒതുങ്ങാതെ, തങ്ങളുടെ ചുറ്റുപാടുമുള്ള കൃഷിഭൂമിയില്ലാത്ത പാവങ്ങൾക്കായി കൃഷി ഉത്പന്നങ്ങൾ കുറഞ്ഞ വിലക്കും വെറുതെയും കൊടുത്ത് അവർ താങ്ങായി മാറിയ കാലം ഞാനോർക്കുന്നു.

കോളക്കോടൻ പിച്ചമണ്ണിൽ അസൈൻകുട്ടി എന്ന കർഷകന്റെ മകനായി പാടത്തും പറമ്പിലും ഓടി നടന്ന എനിക്ക് ആ പിതാവിന്റെ കഷ്ടതകൾ കണ്ട് സങ്കടം ഉള്ളിലൊതുക്കി ജീവിക്കേണ്ടി വന്നിട്ടുണ്ട്. ചെറുപ്പ കാലത്തെ വിശപ്പകറ്റിയ പുൽപ്പറമ്പിലെ പൂളയും ചക്കരക്കിഴങ്ങും ചാലിപ്പാടത്തെ മീനും ഓർക്കുമ്പോൾ ഇന്നും കൊതി തോന്നാറുണ്ട്. അന്ന് ഏവരെയും വിസ്മയിപ്പിക്കുന്ന മത്സ്യ സമ്പത്തുണ്ടായിരുന്നു ചാലിപ്പാടത്ത്. ചെള്ളി, കൊയ്ത്തി, പൂസാൻ, ബ്രാൽ, കടു, പരൽമീൻ എന്നിങ്ങനെയുള്ള പലതരം മീനുകൾ ഞങ്ങൾക്കായി ജീവിച്ചിരുന്ന ചാലിപ്പാടത്ത് ഇന്നവയൊക്കെയും അന്യമായി. കീടനാശിനിയുടെ അമിത പ്രയോഗം മൂലം അവക്ക് വംശനാശം സംഭവിച്ചിരിക്കുന്നു. അന്നത്തെചാലിപ്പാടത്തെ മുക്കുവ രാജാക്കന്മാരായിരുന്ന പിച്ചമണ്ണിൽ മാണി എന്ന ജേഷ്ടൻ, കിളിയാൽതൊടി കുട്ടിഹസ്സൻ എന്ന കുട്ടൻകാക്ക, പുളിക്കൽ വിച്ചികാക്ക, കുരുക്കുത്തിയിൽ വേലായുധൻ എന്നിവരെ സ്നേഹത്തോടെ ഓർക്കുന്നു. അന്ന് രണ്ട് തോടുകൾ വന്നെത്തുന്ന ചാലിപ്പാടത്തെ പ്രധാന തോട്ടിൽ മാണി കാക്കയും കുട്ടൻ കാക്കയും കൂടി നിർമ്മിച്ച കൂട് വെക്കാനുള്ള തടു. അതിന്റെ മുകളിൽ എലന്ത കെട്ടി ഷെഡ് ഉണ്ടാക്കി തടുവിനു കാവൽ നിൽക്കുന്ന പണി എനിക്കും കിളിയാൽതൊടി അഷ്റഫിനും ഉള്ളതായിരുന്നു. അർദ്ധരാത്രി തവളകളുടെ പേടിപ്പെടുത്തുന്ന കരച്ചിൽ, കുറുക്കന്റെ ഓരിയിടൽ ... പിന്നെ പണ്ടുള്ളോർ പറഞ്ഞു പേടിപ്പിച്ച പൊട്ടിച്ചൂട്ടിന്റെ ആഗമനവും കാത്ത് ഉറക്കം വരാതെ കഥകൾ പറഞ്ഞു തീർത്ത ആ കാലം. അതോർക്കാൻ പ്രിയ കൂട്ടുകാരൻ അഷ്റഫ് കിളിയാൽതൊടി ഇന്ന് ജീവിച്ചിരിപ്പില്ല. ആശകളും സ്വപ്നങ്ങളും ഉള്ളിലൊതുക്കി രോഗത്തിന് കീഴടങ്ങി അവൻ യാത്രയായി. അവന്റെ ഓർമ്മകളും ആ നിഷ്ക്കളങ്കമായ ചിരിയും ഇന്നും മായാതെ മനസ്സിലുണ്ട്.

ചാലിപ്പാടത്തെ നീളം കൂടിയ തോട്ടിൽ ചൂട് കാലമായാൽ ഞങ്ങൾ കുട്ടികൾ മീൻ പിടിക്കാനിറങ്ങും. ലോകത്തെവിടെയും ഇല്ലാത്ത മീൻ പിടിക്കൽ സമ്പ്രദായം അന്ന് ചാലിപ്പാടത്ത് ഞങ്ങൾ തുടങ്ങി വെച്ചു. ചെള്ളി എന്ന് വിളിക്കുന്ന ചെമ്മീനെ തോട്ടിലെ വെള്ളത്തിൽ കിടന്നും ഇരുന്നും അതിന്റെ മാളത്തിൽ കയ്യിട്ടു പിടിക്കുക എന്ന സാഹസിക മീൻ പിടുത്തം ആയിരുന്നു അത്. വലയോ ചൂണ്ടയോ മറ്റു ഉപകാരണങ്ങളോ ഇല്ലാതെ മത്സ്യ മാളത്തിൽ കയ്യിട്ട് പിടിക്കുന്നത് കുട്ടികൾക്ക് സഹസിക വിനോദമായിരുന്നു. വല്ല നീർക്കോലിയോ മണ്ടിലിയോ, പാമ്പ് വർഗ്ഗത്തിൽ പെട്ട വിഷമില്ലാത്ത ജന്തുക്കളെയൊക്കെയാവും ചിലപ്പോൾ പിടിച്ചു വലിച്ചു പുറത്തേക്കിടുക. പിന്നെയും വലിയ തോട് വരെ മിണ്ടിയും പറഞ്ഞും ചിരിച്ചും ഞങ്ങൾ വെള്ളമുള്ള തോട്ടിലൂടെ പോയ്കൊണ്ടേയിരിക്കും. മീൻ പിടിച്ചിടാനുള്ള പാളകൊണ്ടു ഉണ്ടാക്കിയ കുറ്റിപാള അരയിൽ കെട്ടി അത് നിറയുമ്പോൾ വീട്ടിലേക്ക് തിരിച്ചു പോരും. അന്നൊക്കെ നെല്ല് കൃഷിയിറക്കുന്ന കാലം വന്നാൽ കൊമ്പൻമാരായ മൈലം മൂരിയെയും തെളിച്ചു വരമ്പത്തൂടെ വരുന്ന കോളക്കോടൻ കരണവന്മാരെ സ്നേഹത്തോടെ ഓർക്കുന്നു. അവർ തന്ന ധൈര്യമാണ് പിൻകാലങ്ങളിൽ പേടികൂടാതെ ജീവിക്കാൻ ഞങ്ങൾക്ക് പ്രചോദനമായത്.


കെ.വി. മൂസ മാസ്റ്റർ
കോളക്കോടൻ

കവിത

## ഇമ്പ സംഗമം

കോളക്കോട്ട് പറമ്പിൽ
നാമ്പെടുത്തൊരാ-
കാരണവരുടെ സന്തതി
പരമ്പരയിൽ വിരിഞ്ഞവർ.
പഞ്ച സോദരങ്ങളായ്
മണ്ണിനെ സ്നേഹിച്ചവർ,
പുരുഭൂതിയായ് കൂടു
ന്നൊരിമ്പമായി സംഗമം.

സ്വാതന്ത്ര്യത്തിൻകനൽ -
പഥങ്ങളിലന്നവർ,
സ്വാർത്ഥ താല്പര്യങ്ങൾ -
പാടെ മറന്നവർ.
സ്വാഭിമാനം പരദേശികളെ
ധീരമായെതിർത്തവർ,
സ്വരാജ്യക്കൂറുയർത്തി
ജീവൻ ത്യജിച്ചവർ.

കേളി കീർത്തിയായ്
പുകൾപെറ്റൊരീ കീഴുപറമ്പിൽ,
കോളക്കോടൻ സോദരർ
പുരപ്രീതിയായ് സാദരം,
മഹിമകളേറും ചാരിറ്റി
യിൽ ദീപമായ് ജ്വലിച്ചവർ,
മഹോന്നതരായ്
കർമ്മ വീഥിയിൽ
തിളങ്ങിയോർ,

കേമരായ് ദേശത്തെ
സംസ്ക്കാര വീഥിയിൽ,
കണിശമായ്
വിദ്യാനികേതമൊരുക്കിയോർ,
കർഷകരായ് മണ്ണിൽ
പൊന്നു വിളയിച്ചവർ,
കരുണാ കടാക്ഷമിവരിൽ
ചൊരിയണേ ഇലാഹേ, നീ.












# ഊർജ്ജം പകരുന്ന ഒത്തുചേരലുകൾ



**റമീഷ് ഖാൻ കെ.പി.**

ഏഴ് വർഷത്തെ ഇടവേളക്ക് ശേഷം വീണ്ടും നാം ഒരുമിക്കുകയാണ്....

കൂടുമ്പോൾ ഇമ്പമുണ്ടാകുന്നതാണല്ലോ കുടുംബം. കുടുംബ ബന്ധങ്ങളുടെ പവിത്രതയും പ്രാധാന്യവും അത് വഴി നമുക്ക് ലഭിക്കുന്ന ഇഹ-പര അനുഗ്രഹങ്ങളും വിശുദ്ധ ഖുർആനും തിരുവചനങ്ങളും നമ്മോട് ഉദ്ഘോഷിക്കുന്നു. അല്ലാഹുവിലും തിരുദൂതരിലും വിശ്വസിക്കുന്നവരുടെ പ്രഥമ ഉത്തരവാദിത്വങ്ങളിൽ വരുന്നതാണ് കുടുംബ ബന്ധം പുലർത്തൽ. കുടുംബ ബന്ധം മുറിച്ചവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന് നബി (സ) പറഞ്ഞു.

നമ്മുടെ നാടിന്റെ ചരിത്രവുമായി അഭേദ്യമായ ബന്ധമാണ് കോളക്കോടൻ കുടുംബത്തിനുള്ളത്. സ്വാതന്ത്ര്യ സമര കാലത്ത് വിദേശികൾക്കെതിരെ പോരാടിയ ശഹിദ് കുട്ടി ഹസനും ശഹീദ് വീരാൻ കുട്ടിയും കോളക്കോടൻ കുടുംബത്തിലെ കെടാ വിളക്കുകളാണ്. കാർഷിക മേഖലയിലെ പ്രാവീണ്യവും പാരമ്പര്യവും നമ്മുടെ പൂർവ്വീകരുടെ മുഖ മുദ്രയായിരുന്നു. സാമൂഹിക- സാസ്കാരിക മേഖലകളിൽ കുടുംബം നിറഞ്ഞു നിന്നു. കീഴുപറമ്പിന്റെ മനസ്സറിഞ്ഞ നമ്മുടെ കുടുംബം എല്ലായിടങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ച ഒരു വലിയ കുടുംബമായി മാറിക്കഴിഞ്ഞു. ഇടക്കിടക്കുള്ള ഇത്തരം സംഗമങ്ങൾ കുടുംബ വളർച്ചയ്ക്ക് വലിയ ഊർജ്ജമാണ് നൽകുന്നത്. പോയ കാലത്തെ കുറിച്ച് നമുക്കും പുതു തലമുറക്കും കൂടുതൽ അറിയാനും വരും നാളുകളിൽ കൂടുതൽ ഒത്തൊരുമയോടെ മുന്നേറാനും ഇടക്കിടെയുള്ള ഈ കൂടിച്ചേരലുകൾ ഏറെ പ്രയോജനപ്രദമാണ്. സാമൂഹിക -വിദ്യാഭ്യാസ മേഖലകളിൽ നമുക്ക് ഇനിയും ധാരാളം മുന്നേറാനുണ്ട്. മത ധാർമ്മിക ബോധം കുടുംബാംഗങ്ങൾക്കിടയിൽ കൂടുതൽ വ്യാപിപ്പിക്കേണ്ടതുണ്ട്. സാന്ത്വന, സേവന പ്രവർത്തനങ്ങൾക്കും കൂടുതൽ ഇടങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ഇത് വഴി ഐശ്വര്യ സമ്പൂർണ്ണമായ ഒരു കുടുംബമാണ് നാം സ്വപ്നം കാണുന്നത്. കുടുംബ സംഗമം കൊണ്ട് ലക്ഷ്യമിടുന്നതും മറ്റൊന്നല്ല.

ഈ ലക്ഷ്യങ്ങൾ പൂവണിയുന്ന ഒത്തുചേരലാകട്ടെ കോളക്കോടൻ കുടുംബ സംഗമം എന്ന് ആശംസിക്കുന്നു. എല്ലാ

കുടുംബങ്ങളിലും സർവ്വ ശക്തനായ അല്ലാഹു നൻമ പ്രദാനം ചെയ്യട്ടെ.

പ്രാർത്ഥനയോടെ - **റമീഷ് ഖാൻ കെ.പി.** (കൺവീനർ)

## കാര്യപരിപാടി

| | | |
|---|---|---|
| 8:30 - 9: 30 am | : | രജിസ്ട്രേഷൻ |
| 9:30 am ഖിറാഅത്ത് | : | **അർഷദ് പാഷ** |
| 9:45 am | : | സ്വാഗതഗാനം |
| 9:50 am സ്വാഗതം | : | **റമീഷ് ഖാൻ കെ പി** (ജനറൽ കൺവീനർ) |
| 10 am അധ്യക്ഷൻ | : | **അബ്ദു റഷീദ്** പ്രോഗ്രാം കൺവീനർ |
| 10:20 am ഉദ്ഘാടനം | : | സപ്ലിമെന്റ് പ്രകാശനം **അബൂബക്കർ കോളക്കോട്** (മുതിർന്ന കാരണവർ) |
| 10:30 am റിപ്പോർട്ട് | : | **കെ. സൈഫുദ്ധീൻ മാസ്റ്റർ** |
| 10:45 - 11:30 am | : | കാരണവന്മാരെ ആദരിക്കൽ കുടുംബങ്ങളെ പരിചയപ്പെടുത്തൽ |
| 11:30 - 11.45 am | : | ആശംസാ പ്രസംഗങ്ങൾ |
| 11.45 - 1.00 pm | : | കൗൺസിലിംഗ് ക്ലാസ് **അമീൻ കാരക്കുന്ന്** |
| നന്ദി | : | **ജലീസ് മാസ്റ്റർ കെ.പി** |
| 1.00 - 2.00 pm : **ഇടവേള** | | |
| 2 - 3 pm | : | **ഫോട്ടോ സെഷൻ അവാർഡ് ദാനം** |
| 3 - 6 pm | : | **കോളാർട്സ് 2K23 കുട്ടികളുടെ കലാപരിപാടികൾ** |
| 6 - 8 pm | : | **സംഗീത സന്ധ്യ** |



കോളക്കോടൻ കുടുംബ സംഗമം പ്രഥമ ജനറൽ ബോർഡിയിൽ പങ്കെടുത്തവർ

# കോളക്കോടൻ കുടുംബ സമിതി ഒരു വ്യാഴവട്ടം പിന്നിടുമ്പോൾ



**കെ. സൈഫുദ്ദീൻ**
(സെക്രട്ടറി, കോളക്കോടൻ കുടുംബ സമിതി)



**2009 ഓഗസ്റ്റ് 24ന്** തുടങ്ങിയ കോളക്കോടൻ കുടുംബ കൂട്ടായ്മയുടെ പ്രയാണം ഒരു വ്യാഴവട്ടം പിന്നിട്ടിരിക്കുകയാണ്. കീഴുപറമ്പ്, കുനിയിൽ, തെരട്ടമ്മൽ, വടക്കുമുറി, കല്ലുരുട്ടിക്കൽ, വയനാട് തുടങ്ങിയ പ്രദേശങ്ങളിൽ ചിതറി കിടന്നിരുന്ന കുടുംബ കണ്ണികളെ കണ്ടെത്തുവാനുള്ള ശ്രമകരമായ ജോലി നമ്മൾ ഏറ്റെടുക്കുകയായിരുന്നു.

കുടുംബ ബന്ധങ്ങളുടെ ശ്രേണി കണ്ടെത്തുവാൻ മർഹൂം കെ വീരാൻ കുട്ടി മാസ്റ്ററുടെ ഡയറിക്കുറിപ്പുകൾ, കാരണവന്മാരിൽ നിന്നും ലഭിച്ച സൂചനകൾ എന്നിവ സഹായകമായി. കോളക്കോടൻ കുടുംബത്തിന്റെ കൂട്ടായ്മയുടെ പ്രതീകമായി കോളക്കോടൻ കുടുംബ സമിതി ഇന്നും സജീവമായി പ്രവർത്തിച്ചുവരുന്നു. കെ. അബ്ദുൽ അസീസ് മൗലവി ചെയർമാനും കെ. സൈഫുദ്ദീൻ കൺവീനറുമായി പ്രവർത്തിക്കുന്ന കുടുംബ സമിതിക്ക് പ്രധാന കുടുംബങ്ങളിലെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിലുണ്ട്. കുടുംബ സംഗമങ്ങൾക്ക് നേതൃത്വപരമായ പങ്കുവഹിക്കുവാൻ സമിതിക്ക് സാധിച്ചിട്ടുണ്ട്. കുടുംബാംഗങ്ങൾ നൽകിവരുന്ന സംഭാവന, വരിസംഖ്യ, സക്കാത്ത്, സദഖ എന്നിവയാണ് സമിതിയുടെ പ്രധാന വരുമാന സ്രോതസ്സുകൾ.

പ്രവാസികളായ കോളക്കോടൻ കുടുംബാംഗങ്ങളുടെ സഹകരണം പ്രത്യേകം സ്മരിക്കുന്നു. വിദ്യാഭ്യാസം, ചികിത്സ, വീട് റിപ്പയർ, അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കൽ, ആഘോഷങ്ങളോട് അനുബന്ധിച്ചുള്ള സാമ്പത്തിക സഹായം എന്നീ മേഖലകളിൽ സമിതിയുടെ ഫണ്ട് പ്രയോജനപ്പെടുത്തി വരുന്നു. കോളക്കോടൻ കുടുംബ സമിതിയുടെ പ്രവർത്തനങ്ങൾ ഇനിയും മികവോടെ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. വർഷത്തിൽ ഒരു നിശ്ചിത സംഖ്യ ഈ ഫണ്ടിലേക്ക് നമ്മൾ മാറ്റിവച്ചാൽ കുടുംബത്തിൽ പ്രയാസപ്പെടുന്നവരുടെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ സാധിക്കും. ഇതുതന്നെയായിരിക്കട്ടെ കുടുംബ സംഗമത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. കോളക്കോടൻ കുടുംബ സമിതിയുമായി സഹകരിച്ച എല്ലാവർക്കും അല്ലാഹു തക്കതായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.



















# പ്രവാസം പുതിയ മേച്ചിൽപ്പുറങ്ങൾ തേടുകയാണ്

നടത്തം കഴിഞ്ഞ് റൂമിലേക്ക് തിരിച്ചു പോകുമ്പോഴാണ് അയാൾ ഞങ്ങൾക്ക് മുൻപിലെത്തിയത്. പ്രായം എഴുപതിനടുത്തെത്തിയിട്ടുണ്ട്. അല്പം മുഷിഞ്ഞ ഒരു പാന്റ്സും ഷർട്ടുമാണ് വേഷം.

ഞങ്ങളെ നോക്കി എന്തോ അയാൾ പറയുന്നുണ്ട്. പക്ഷെ ശബ്ദം വളരെ പതിഞ്ഞതായതുകൊണ്ട് മനസ്സിലാക്കാൻ പറ്റിയില്ല. അയാളുടെ കണ്ണുകളിൽ നിന്നും ആവശ്യം വായിച്ചറിഞ്ഞ ഞാൻ അഞ്ചു റിയാൽ നോട്ട് കൊടുത്തിട്ട് ചോദിച്ചു.

‘മിൻ ഐൻ?’

‘യെമൻ’ എന്ന് പറയുന്നതിനിടെ അദ്ദേഹത്തിന്റെ കണ്ണുകൾ നിറയാൻ തുടങ്ങിയിരുന്നു.

എന്റെ കയ്യിലുള്ള ചെറിയ വെള്ളക്കുപ്പിയിലേക്ക് അദ്ദേഹം നോക്കുന്നത് കണ്ടു. വെള്ളം വേണോ എന്ന് ഞാൻ ചോദിച്ചപ്പോൾ തലയാട്ടി.

അയാളുടെ ഒരു കയ്യിൽ തൂക്കിപ്പിടിച്ച പ്ലാസ്റ്റിക് ഉറയിൽ നിറയെ റൊട്ടികളായിരുന്നു. കണ്ടാൽ തന്നെ അറിയാം പുതിയതല്ല, പലയിടങ്ങളിൽ നിന്നും ശേഖരിച്ചതാണെന്ന്. ഒരു പക്ഷെ അവ അയാൾ പണിയെടുക്കുന്ന വീട്ടിലെ ആടുമാടുകൾകൾക്കുള്ളതായിരിക്കും. ഇനി അങ്ങനെയൊരു ജോലി അയാൾക്കില്ലെങ്കിലും ആ റൊട്ടികൾ കൊടുക്കുമ്പോൾ ഇടയൻ അയാൾക്ക് ഒന്നോ രണ്ടോ റിയാൽ പകരം കൊടുക്കുമായിരിക്കും. താഴെ വെച്ചിരുന്ന ഒഴിഞ്ഞ തകരപ്പാത്രം (oil tin) ചൂണ്ടി ഞാൻ ചോദിച്ചു.

ലി മാ ഹാദാ....(ഇതെന്തിനുള്ളതാണ്).

അയാൾ പറഞ്ഞു.

ഇദാ അന വദ്ദി ഹു ഹാദാ ഹസ്സൽ നുസ്ഫ് റിയാൽ (ഇത് കൊണ്ടുപോയി അവനു കൊടുത്താൽ എനിക്ക് അര റിയാൽ കിട്ടും).

ഞാനാലോചിക്കുകയായിരുന്നു. അര റിയാൽ അയാൾക്കത്രയ്ക്ക് വിലപ്പെട്ടതാവണമെങ്കിൽ അയാളുടെ ദിവസവരുമാനം എത്ര ചെറുതായിരിക്കും.

അയാളോട് അവിടെത്തന്നെ നിൽക്കാൻ പറഞ്ഞിട്ട് തൊട്ടടുത്ത ബക്കാലയിൽ കയറി ഒരു ജ്യൂസ് കൂടി വാങ്ങിക്കൊടുത്തു. തെളിഞ്ഞ മുഖവുമായി അയാൾ കണ്ണുകൾ മുകളിലേക്കുയർത്തി അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നു എനിക്ക് വേണ്ടി പ്രാർത്ഥിച്ചു കൊണ്ട് നടന്നു പോയി.

യെമനിലെ ആഭ്യന്തര കലഹവും യുദ്ധവും അയാളെ ജന്മ ദേശം ഉപേക്ഷിച്ച് സൗദിയിൽ പ്രവാസം സ്വീകരിക്കാൻ നിർബന്ധിച്ചതാവാം. ഇനി ഒരിക്കലും തിരിച്ചു പോകാൻ കഴിയില്ല എന്നറിയാവുന്നതിനാൽ ആ മോഹവും അയാൾ ഉപേക്ഷിച്ചിരിക്കാം.

ആ അവസ്ഥയിലും അദ്ധ്വാനിച്ചു ജീവിക്കുന്നത് കൊണ്ട് അയാളെ ഞാൻ അഭിമാനിയായ അഗതി എന്ന് വിളിക്കട്ടെ.

പ്രവാസികളെല്ലാവരും പലപ്പോഴും അഭിമാനികളായ അഗതികൾ തന്നെയാകും. അവരുടെ ഇല്ലായ്മകൾ ഒരിക്കലും നാടറിയാറില്ല, നാട്ടുകാരും.

അവർ ഉണ്ടില്ലെങ്കിലും ആശ്രിതരെ ഊട്ടും. അവർ ഉടുത്തില്ലെങ്കിലും വേണ്ടപ്പെട്ടവരെ ഉടുപ്പിക്കും. അവർ ഒരു കരക്കെത്തിയില്ലെങ്കിലും തന്റെ കുടുംബക്കാരെ രക്ഷപ്പെടുത്തും.

എല്ലാം കഴിഞ്ഞ് സ്വയം രക്ഷപ്പെടാനുള്ള അവസാന സമയത്തും പുതിയ ആവശ്യങ്ങളുമായി എത്തിച്ചേരുന്ന ബൈ എയർമെയിൽ കവറുകളിൽ, തീരാത്ത വേദനകളുടെയും മാറാത്ത രോഗങ്ങളുടെയും ജീവിത ചുഴികളുടെ ആഴങ്ങളിലേക്കവർ സ്വയം ഊളിയിടും.

പ്രവാസം സ്വീകരിക്കാൻ എല്ലാവർക്കും ഓരോ കാരണങ്ങൾ ഉണ്ടാവും. ചിലർക്കത് ജീവൻ രക്ഷിക്കാനുള്ള അഭയമായിരിക്കും. വേറെ ചിലർക്കത് ജീവിത വിഭവങ്ങൾ തേടിയുള്ള അന്വേഷണമാകും. ഇനിയും ചിലർക്കത് പുതിയ മേച്ചിൽപുറങ്ങൾ തേടിയുള്ള യാത്രകളാകാം. ഇതൊന്നുമല്ലാതെ ശക്തൻ അശക്തനെ കീഴടക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി നാടുകടത്തപ്പെട്ടതുമാകാം.

ഇന്ന് മൂത്ത മക്കൾ, അനന്തരമായി കിട്ടുന്ന പറമ്പിൽ തൊട്ടടുത്തെവിടെയെങ്കിലും പുതിയ വീടുവെച്ചു മാറുന്നത് കാണാം. മുൻകാലങ്ങളിൽ തന്റെ ഓഹരിയും കൊണ്ട് ആ പ്രദേശം തന്നെ വിട്ട് കൃഷിക്കനുയോജ്യമായതും ജല ലഭ്യതയുള്ളതുമായ പുതിയൊരു മണ്ണ് തേടികണ്ടെത്തുക എന്നതായിരുന്നു രീതി.

ഇങ്ങനെ പോകുമ്പോൾ അവർക്ക് ഓഹരിയായി ലഭിക്കുന്ന കാലികളും വേലക്കാരും മറ്റു വസ്തുവകകളുമായായി ഒരു യാത്രാ സംഘം തന്നെയായാണ് പുറപ്പെടുക. അത്തരം പ്രവാസങ്ങളിൽ തിരിച്ചുപോക്കുണ്ടാവാറില്ല. ചെന്നെത്തുന്നയിടം സ്വന്തമിടമായി കരുതുകയും അവിടെ വീടുവെച്ചു കുടുംബമായി കഴിയുകയും ഒന്നോ രണ്ടോ തലമുറകൾക്കപ്പുറം അവരും പുതിയ മേച്ചിൽപുറങ്ങൾ തേടി യാത്ര തുടരുകയും ചെയ്യും.

നമ്മുടെ പൂർവികർ ഇതിലേതു സാഹചര്യത്തിലാവും അവരുടെ ജന്മദേശം വിട്ട് കോളക്കോട്ട് വന്നു താമസമാക്കിയത് എന്നത് ഞാൻ പലപ്പോഴും ആലോചിക്കാറുണ്ട്.

ബ്രിട്ടീഷുകാർ കൊള്ളയടിച്ചു ദരിദ്രമാക്കിയ ഇന്ത്യയിൽ പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞു കൂടിയ അറുപതുകളിലെയും എഴുപതുകളിലെയും തലമുറ ആദ്യം സ്വന്തം വയറു നിറക്കാനും പിന്നീട് തന്റെ ആശ്രീതരുടെ വയറിനുവേണ്ടിയുമാണ് കടൽ കടന്നു തുടങ്ങുന്നത്.

ഇല്ലാത്ത വഴി പുതുതായി വെട്ടിത്തെളിയിക്കുമ്പോൾ ഇടറി വീണവരും പരാജയം രുചിച്ചവരുമായിരിക്കും കൂടുതൽ. ആ ദുർഘട പാതകൾ താണ്ടുന്നതിനിടയിൽ ഉണ്ടായേക്കാവുന്ന എല്ലാ ഇടർച്ചകളെയും പ്രതിസന്ധികളെയും നിശ്ചയദാർഢ്യം കൊണ്ടും കഠിന പരിശ്രമം കൊണ്ടും അതിജയിച്ചവർ പുതുതലമുറകൾക്ക് വഴിയും വെളിച്ചവുമായി മാറുന്നു.

ഈയടുത്ത കാലം വരെ, എങ്ങനെയെങ്കിലും കടൽ കടന്ന് കാലം കൊണ്ട് ഒരു വരുമാന മേഖല കണ്ടെത്തുകയോ ഉണ്ടാക്കിയെടുക്കുകയോ ചെയ്യുക എന്നതായിരുന്നു രീതി. അതിൽ വിദ്യാഭ്യാസത്തിനു വേണ്ടത്ര പ്രാധാന്യം ഉണ്ടായിരുന്നില്ല. അധ്വാനിക്കാനുള്ള സന്നദ്ധതയും അല്പം ഭാഗ്യവും ഉണ്ടായാൽ അവൻ രക്ഷപെടുമായിരുന്നു.

അറേബ്യയിലെ പെട്രോഡോളറിന്റെ വരവ് കാര്യങ്ങൾ പുതിയൊരു ഘട്ടത്തിലേക്ക് എത്തിച്ചിരിക്കുന്നു.

എപ്പോഴും യൂറോപ്പിന്റെയും അമേരിക്കയുടെയും ആശ്രിതരായി നിൽക്കാനും അതുവഴി ജീവിതവരുമാനം ഉണ്ടാക്കാനും മാത്രം ചിന്തിച്ചിരുന്ന അറബ് നാടുകൾ നമ്മൾ കണക്കു കൂട്ടുന്നതിനും എത്രയോ അപ്പുറത്തേക്ക് വികസിച്ചിരിക്കുന്നു. ഇന്നവർ ലോകകായിക മാമാങ്കങ്ങൾ അതിന്റെ ആളുകൾ എന്ന് നടിക്കുന്നവരേക്കാൾ ഭംഗിയായയും വ്യവസ്ഥാപിതമായും നടത്തി മാതൃക കാണിക്കാൻ മാത്രം വിദ്യാഭ്യാസം കൊണ്ടും സംസ്ക്കാരം കൊണ്ടും ഒരുപാട് ദൂരം മുന്നേറിയിരിക്കുന്നു. ലണ്ടനെയും ന്യൂയോർക്കിനെയും വെല്ലുന്ന രീതിയിൽ പുതിയ നഗരങ്ങൾ പണിയുകയും നേരത്തേ പണിതവ മോടി പിടിപ്പിക്കുകയും ആകർഷണീയമാക്കുകയും ചെയ്യുന്നു.

ഊഷരതകളുടെ മണൽക്കാടുകൾ ഇന്ന് അഭിവൃദ്ധികളുടെ പച്ചപ്പിലേക്കും പുതിയ വരുമാനങ്ങളുടെ നനവിലേക്കും മാറിയിരിക്കുന്നു.

അതിനാൽ തന്നെ പത്താം ക്ലാസും ഗുസ്തിയും എന്ന പഴയ നിലപാട് ഒരു പ്രവാസിയാകുന്നതിനു ഇന്ന് തികയാതെ വരും. മതിയായ വിദ്യാഭ്യാസവും തൊഴിൽ പരിചയവുമുണ്ടെങ്കിൽ നിങ്ങളെ കാത്തിരിക്കുന്നത് റിയാലിന്റെയും ദീനാറിന്റെയും ഖജനാവുകളാണ്.



ഹഫീസ് കോളക്കോടൻ

പുതുതലമുറ അറേബ്യ എന്ന സങ്കല്പത്തിൽ നിന്ന് മാറി യൂറോപ്പിലേക്കും അമേരിക്കയിലേക്കുമൊക്കെ കുടിയേറിത്തുടങ്ങിയിരിക്കുന്നു. അവരവിടെ പഠിക്കുകയും ജീവിക്കുകയും പൗരത്വം നേടുകയും, അങ്ങിനെ കാലം കൊണ്ട് അവിടത്തുകാരാവുകയും ചെയ്യുന്നു

പ്രവാസിയുടെ യാത്രാ ജീവിതം അവസാനിക്കുന്നില്ല. അതിനാൽ തന്നെ പ്രവാസവും.

ജീവിത വിഭവങ്ങൾ തേടി ജന്മദേശം വിട്ട്പോകേണ്ടിവന്ന എല്ലാ കൊളക്കോടന്മാർക്കും വേണ്ടി,

കോളക്കോടൻ കുടുംബസംഗമത്തിന് എല്ലാ ആശംസകളും നേർന്നുകൊണ്ട്.

## പ്രവാസ ലോകത്തുനിന്നും ഗ്ലോബൽ കോളക്കോടൻസ്



**അബ്ദുറഊഫ് കെ.കെ.**
സൗദി അറേബ്യ



**അബ്ദുസ്സമദ് കെ.എം.**
യുഎഇ



**അഫ്നാൻ കെഎം.**
ഖത്തർ



**അജ്മൽ മുഹമ്മദലി**
സൗദി അറേബ്യ



**അസ്‌ലം**
സൗദി അറേബ്യ



**അബ്ദുൽ ലത്തീഫ് കെകെ**
സൗദി അറേബ്യ



**ഫൈസൽ കെപി**
സൗദി അറേബ്യ



**ഫാസിൽ കെ.പി.**
അബൂദാബി



**ഫവാസ് കെ.പി.**
കുവൈത്ത്



**ജംഷീദ് കെ.പി.**
ഖത്തർ



**ഖമർ സമാൻ**
ഖത്തർ



**മുദ്ദസിർ കെ.വി.**
ലണ്ടൻ



**മുസ്താഖ് കെഎം.**
യുഎഇ




**നഹാർ കെ.പി.**
ഖത്തർ



**നസീം കെ.**
അബുദാബി



**ഷഫീഖ്**
യുഎഇ



**അതീഖ് റഹ്മാൻ**
ഖത്തർ



**ഷിബിൻ ഷർബീൽ**
യുഎഇ




**അബ്ദുൽ ഗഫൂർ**
ഷാർജ



**ഷമീം കെവി**
ബഹ്റൈൻ



**റിയാസ് കെകെ**
അബുദാബി



**സഫറുല്ല കെപി**
സൗദി അറേബ്യ



**ഹഫീസ് കെകെ**
സൗദി അറേബ്യ



**റഹ്മത്തുല്ല**
സൗദി അറേബ്യ



**ശിഹാബ് കെ.പി.**
ഖത്തർ




**ഷബീർ കെകെ**
സൗദി അറേബ്യ




**സാജിദ് കെവി**
ഖത്തർ




**സലീൽ കെപി**
അബുദാബി




**ഷിമിൽ ജാസ്**
സൗദി അറേബ്യ



**ഷിഹാബ്**
സൗദി അറേബ്യ




**മൻഷിദ കെവി.**
ദുബൈ



**റിഫ കെവി.**
ദുബൈ




**മുനീറ കെ.പി.**
ഖത്തർ



**ജഫ്സി റഫീഖ്**
സൗദി അറേബ്യ



**സജ്ന കെവി**
ഖത്തർ



**നസീറ ബീഗം കെപി.**
സൗദി അറേബ്യ




SAGAR EVENTS
Serving Happiness..!
CATERING SERVICES
Mansoor +91 9745 50 48 90
Shihab +91 9847 77 85 85
Pannicode